സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഉത്ഭവിക്കുന്ന ജൈവഖരമാലിന്യങ്ങളിൽനിന്നും കംപ്രസ്ഡ് നാച്യുറൽ ഗ്യാസ് ഉൽപ്പാദിപ്പിക്കുവാനും ബോട്ടിൽ ചെയ്യുവാനുമുള്ള പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

6. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കും.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുവാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സർക്കാർ വിവിധതലങ്ങളിൽ അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

സുസ്ഥിര നഗരവികസന പദ്ധതി

1181 (1487) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എ.ഡി.ബി. സഹായത്തോടെയുള്ള സുസ്ഥിര നഗരവികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്കായി പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായം വിശദമാക്കാമോ ;

(സി) പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) രൂപം നൽകിയിട്ടുണ്ട്.

(ബി) എ.ഡി.ബി.-യുടെ വായ്പാ സഹായത്തോടെ സംസ്ഥാനം നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സുസ്ഥിര നഗര വികസന പദ്ധതി എന്നതിനാൽ ഇതിനായി പ്രത്യേക കേന്ദ്ര സഹായങ്ങളൊന്നും ലഭിച്ചുവരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിക്ക് സർക്കാരിന്റെ 9-7-2007-ലെ സ.ഉ. (സാധാ) നമ്പർ 1880/07/ത.സ്വ.ഭ.വ. എന്ന ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. കേരളത്തിലെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽ 1422.47 കോടി രൂപ അടങ്കലുള്ള ഒരു സുസ്ഥിര നഗരവികസന പദ്ധതി നടപ്പിലാക്കുന്നതിന് 221.2 മില്യൻ ഡോളർ വായ്പ അനുവദിക്കുന്ന ഒരു കരാറിൽ 8-12-2006 തീയതിയിൽ എ.ഡി.ബി.-യുമായി ഒപ്പുവച്ചിട്ടുണ്ട്. നിശ്ചിത കാലാവധിയായ 30-6-2012 തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാകാത്ത സാഹചര്യത്തിൽ എ.ഡി.ബി.-യുടെ സ്പെഷ്യൽ പ്രോജക്ട് അഡ്മിനിസ്ട്രേഷൻ മിഷന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 30-6-2016 വരെ പ്രോജക്ട് കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. ഭാഗികമായ റദ്ദാക്കലിനെത്തുടർന്ന് നിലവിൽ നിജപ്പെടുത്തിയിട്ടുള്ള വായ്പാതുക 168.4 മില്യൻ ഡോളറാണ്.

(ഡി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്രപശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്ര വിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ, ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ്-സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യ പശ്ചാത്തല വികസന പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഞാറക്കൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

119 (1488) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഞാറക്കൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ജിഡയിൽനിന്നും അഞ്ചുകോടി രൂപ അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അനുവദിച്ചതെന്നാണെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ;

(സി) പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്നും ആയതിനുള്ള തടസ്സങ്ങളെന്തെന്നും പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly